"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി.വിജോയ് മാത്യുവിന്റെ ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.615/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 13/03/2020

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 ശ്രീമതി.വിജോയ് മാത്യുവിന്റെ 01.09.2015ലെ ശൂന്യവേതനാവധിയപേക്ഷ.

3 പഞ്ചായത്ത് ഡയറക്ടറുടെ 20.07.2017, 10.06.2019 എന്നീ തീയതികളിലെ ഇ3-14430/16 നമ്പർ കത്തുകൾ.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി.വിജോയ് മാത്യുവിന്റെ 06.12.2015 മുതൽ 28.02.2017 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് വ്യക്തിപരമായ ആവശ്യത്തിന് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. 30.03.2001 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.വിജോയ് മാത്യു, 06.12.2015 മുതൽ 28.02.2017 വരെ ശൂന്യവേതനാവധിയെ തുടർന്ന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെ ബലത്തിൽ 01.03.2017 ൽ പത്തനംതിട്ട ജില്ലയിലെ അരുവാപുലം ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പുന:പ്രവേശിച്ചിട്ടുണ്ട്. 06.12.2015 മുതൽ 28.02.2017 വരെ അനധികൃത ഹാജരില്ലായ്മയിൽ ആയിരുന്ന ടിയാൾക്കെതിരെ "സെൻഷർ" നൽകി അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യക്തിപരമായ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി.വിജോയ് മാത്യുവിന്റെ ക്യാൻസർ രോഗിയായ ഭർതൃ മാതാവിനേയും, ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സയിലായ മകനേയും പരിചരിക്കുന്നതിന് വേണ്ടി അവധിക്ക് അപേക്ഷിക്കുകയും, ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി ശക്തമായ താക്കീത് നൽകി തീർപ്പാക്കുകയും ചെയ്ത സാഹചര്യത്തിൽ ശ്രീമതി. വിജോയ് മാത്യു സർവ്വീസിൽ നിന്ന് വിട്ടു നിന്ന 06.12.2015 മുതൽ 28.02.2017 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.വിജോയ് മാത്യു, ക്ലാർക്ക്, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(30.12.2019 ലെ ധെവ 1/217/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(219/ഇപിഎ1/2017/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Daniya M

സെക്ഷൻ ഓഫീസർ